**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 723** **30-01-2024 - ൽ മറുപടിയ്ക്ക്**

**അംഗൻജ്യോതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അംഗൻവാടികളിൽ നടപ്പിലാക്കുന്ന അംഗൻജ്യോതി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ഓരോ അംഗൻവാടിയിലും പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാമാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ; | (എ) | കേരള സംസ്ഥാനത്തെ 2050-ഓടെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കാനാണ് സർക്കാർ പദ്ധതി ഇട്ടിരിക്കുന്നത് . ഇതിന്റെ ഭാഗമായി സംയോജിത ശിശുവികസന പദ്ധതിയുടെ (ICDS) നിയന്ത്രണത്തിലുള്ള അങ്കണവാടികളെ സമ്പൂർണ്ണ ഊർജ്ജക്ഷമതയുള്ളതാക്കി മാറ്റുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ “അംഗൻ ജ്യോതി” എന്ന പേരിൽ പദ്ധതി നടപ്പിലാക്കുകയാണ്.<br><br>പദ്ധതിയുടെ ആദ്യപടിയായി അങ്കണവാടികളിലെ നിലവിലെ പാചകം വൈദ്യുത പാചകമായി മാറ്റുന്നതാണ്. ഇതിലേക്കായി തെരഞ്ഞെടുത്ത അങ്കണവാടികളിൽ 2 കിലോവാട്ടിന്റെ ഇൻഡക്ഷൻ ഹോബ്, ഇൻഡക്ഷന് അനുയോജ്യമായ ഇഡലി കുക്കർ, ഉരുളി, ചായ പാത്രം, പ്രഷർ കുക്കർ, പാൽ കുക്കർ, റൈസ് പോട്ട് എന്നിവ നൽകുന്നു. രണ്ടാം ഘട്ടമായി അങ്കണവാടികളിലെ പഴകിയ ഊർജ്ജക്ഷമത കുറഞ്ഞ ലൈറ്റ്, ഫാനുകൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ സ്റ്റാർ ലേബൽ ഉള്ള ലൈറ്റ്, ഫാൻ എന്നിവ നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി എത്ര അംഗൻവാടികളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | അംഗൻ ജ്യോതി പദ്ധതിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ 196 അങ്കണവാടികളിലും, ചിറ്റൂർ നിയോജക മണ്ഡലത്തിലെ 226 അങ്കണവാടികളിലും, പദ്ധതിയുടെ ഭാഗമായി നിലവിലെ പാചകം വൈദ്യുത പാചകത്തിലേക്ക് മാറ്റുന്നതിന് വേണ്ടിയുള്ള വിവിധ ഉപകരണങ്ങൾ ഇ.എം.സി നൽകികഴിഞ്ഞിട്ടുണ്ട്. അതുകൂടാതെ നെറ്റ് സീറോയ്ക്കായി ഹരിതകേരളം മിഷൻ, സംസ്ഥാനത്തെ തെരഞ്ഞെടുത്ത 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികളിലും ഈ പദ്ധതി നടപ്പിലാക്കുവാനുള്ള |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളുമായി ഇ.എം.സി മുന്നോട്ട് പോവുകയാണ്. |

സെക്ഷൻ ഓഫീസർ